പൊന്നുരുക്കുന്നിടത്ത് പൂച്ചകെന്ത് കാര്യം ?

# ആലുവാ സംവാദം:
# മടവൂർ വിഭാഗത്തിന്റെ വിഭ്രാന്തി വ്യക്തമായി

## – ഐ.എസ്.എം.

കോഴിക്കോട്: ആലുവയിൽ സമസ്ത കാന്തപുരം വിഭാഗവും കെ.എൻ.എം. പണ്ഡിതന്മാരും തമ്മിൽ നടന്ന സംവാദത്തെ തുടർന്ന് പലരും മുജാഹിദ് പ്രസ്ഥാനത്തിലേക്ക് പരസ്യപ്രഖ്യാപനം നടത്തി കടന്നുവന്നുവെന്ന യഥാർത്ഥ്യം മറച്ചുവെച്ച് പ്രസ്തുത സംവാദത്തിൽ മുജാഹിദുകൾ പരാജയപ്പെട്ടുവെന്ന് പ്രസ്താവന ഇറക്കുക വഴി പ്രബോധന രംഗത്തു നിന്നും തങ്ങൾ അപ്രത്യക്ഷമായതിലെ മടവൂർ വിഭാഗത്തിന്റെ വിഭ്രാന്തിയാണ് വ്യക്തമാകുന്നതെന്ന് ഐ.എസ്.എം സംസ്ഥാന സെക്രട്ടറിയേറ്റ് പ്രസ്താവിച്ചു.

പ്രസ്ഥാനത്തിനകത്തുള്ള രണ്ട് ചിന്താധാരകൾ തമ്മിലുള്ള ആശയസമരമാണ് ഇതുവരെ നടന്നുവന്നതെന്ന് തുറന്ന് പ്രസ്താവിച്ച് പുതിയ ചിന്താധാരയുമായി പുറത്ത് പോയ മടവൂർ വിഭാഗം മുജാഹിദ് ആശയത്തിലേക്ക് മാതൃസംഘടനയെ ക്ഷണിക്കന്നത് 2009-ലെ വലിയ തമാശതന്നെ. 1999 ൽ നദ്‌വത്തുൽ മുജാഹിദീൻ കേരളാ (എൻ.എം.കെ.) എന്ന ഒരു സംഘടന രഹസ്യമായി രൂപീകരിച്ച് വ്യാജ മായി രജിസ്ട്രർ ചെയ്ത ശേഷം കേരളാ നദ്‌വത്തുൽ മുജാഹദീൻ (കെ.എൻ.എം) എന്ന സംഘടനയെ പിളർത്താൻ ശ്രമിച്ചു പുറത്തു പോയ മടവൂർ വിഭാഗം ആരംഭിച്ച ദിനപത്രം വരെ വിൽപനക്കു വെക്കേണ്ട അവസ്ഥ സംജാതമായതിലെ നിരാശയും ആലുവ സംവാദം സംബന്ധിച്ച നിരുത്തരവാദപരമായ പ്രസ്താവനക്കു പിന്നിലുണ്ടെന്ന് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു.

ആലുവ സംവാദത്തിൽ മുജാഹിദുകൾക്കെതിരെ മറുവിഭാഗം ശീഈ വിഭാഗത്തിന്റ ഉദ്ധരണികളാണ് അല്ലാഹുവല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നതിന് തെളിവായി ഉന്നയിച്ചത് ഈ സത്യം ജനങ്ങൾക്ക് വ്യക്തമാകുമെന്ന് ഭയപ്പെട്ടപ്പോഴാണ് കാന്തപുരം വിഭാഗം സംവാദം പൂർത്തിയാക്കാൻ സമ്മതിക്കാതെ വ്യവസ്ഥകൾ ലംഘിച്ച് ബഹളമുണ്ടാക്കി പരിപാടി നിർത്തിവെപ്പിച്ചതെന്ന് ചാനലുകളിലൂടെ സംവാദം ശ്രദ്ധിച്ചവർക്കും സംവാദാനന്തരം പുറത്തിറങ്ങിയ സി.ഡി.കൾ പരിശോധിക്കുന്നവർക്കും വ്യക്തമാകും. സംവാദങ്ങളിലൂടെയുള്ള ആശയ പ്രബോധന രംഗത്ത് കെ.എൻ.എം. ശക്തമായി മുന്നേറുമ്പോൾ പ്രസ്തുത മേഖലയിൽ യാതൊരു സംഭാവനയും സമർപ്പിക്കാനില്ലാത്ത മടവൂർ വിഭാടഗത്തിന്റെ വെപ്രാളം സ്വാഭാവികമാണ്. എതായാലും ശിർക്കിന്റെ പ്രചാരകരിൽ 'വിജയം' കാണാൻ കഴിയുന്നവരുടെ 'തൗഹീദി' പ്രേമം വല്ലാതതുതന്നെ താനല്ലാതെ മറ്റാരു സംവാദം നടത്തിയാൽ ശരിയാകില്ലെന്നു കരുതുന്ന ഒരു മൗലവിയെ സമസ്തക്കാരുടെ പത്രങ്ങളിൽ മുജാഹിദ് വിമർശനത്തിന്റെ സ്ഥിരം ഇന്റർവ്യൂവിനായി വിട്ടു കൊടുക്കുക വഴി തൗഹിദീ ദഅ്‌വത്തിന്റെ ശക്തമായ മുന്നേറ്റം തടയാനുള്ള വിഫല ശ്രമം എത്ര ദയനീയമാണെന്നും മുജാഹിദുകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. വിവിധ പ്രദേശങ്ങളിൽ ഒട്ടനേകം ആളുകൾ തൗഹിദീലേക്ക് കടന്നുവരാൻ കാരണമായി തീർന്ന കൊട്ടപ്പുറം വാദപ്രതിവാദത്തിൽ ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി വേണ്ടത്ര തയ്യാറെടുത്തില്ല തുടങ്ങിയ ദുരാരോപണങ്ങൾ തീവ്ര സമസ്ത പ്രസിദ്ധീകരണത്തിലെ ഇന്റർവ്യുവിലൂടെ ഉന്നയിക്കുക വഴി ഹദീസ് നിഷേധ വിഷയത്തിൽ മടവൂർ പക്ഷത്തുള്ള അതിരൂക്ഷ ഭിന്നിപ്പ് മാത്രമാണ് വ്യക്തമാവുന്നത്. കെട്ടപുറം വാദപ്രതിവാദത്തിൽ പങ്കെടുത്ത സ്വന്തം ജനറലുമാരെ അപഹസിക്കുന്ന എടവണ്ണ സുല്ലമിയുടെ ജല്പനങ്ങൾ കേട്ട് ശിർക്കിന്റെ 'വിജയം' ഘോഷിക്കുന്നതിന് മുമ്പ് ഇരിക്കുന്ന കൊമ്പ് വെട്ടാൻ അചാരം പറ്റിയവരെ തിരിച്ചറിയുകയാണ് വേണ്ടത്.

പൊന്നുരുക്കുന്നിടത്ത് പൂച്ചകെന്ത് കാര്യം എന്ന് പറഞ്ഞതുപോലെ ശിർക്കും തൗഹീദും തമ്മിൽ എറ്റുമുട്ടി തൗഹിദ് വിജയിക്കുന്നിടത്ത് ഖണ്ഡനമണ്ഡനമുക്ത പ്രബോധന ശൈലി പറഞ്ഞ് പുറത്തേക്ക് പോയവർ ആലുവ സംവാദത്തെ പറ്റി പ്രസ്താവനയിറക്കേണ്ട കാര്യമെന്താണെന്ന് ഐ.എസ്.എം ചോദിച്ചു. ,വഖഫ് ബോഡ് വിവാദത്തെ തുടർന്ന് സ്വന്തം സംഘടനക്കകത്ത് രുപപെട്ട ചേരിതിരിവ് ഓരേ ദിവസം രണ്ട് പേരേ വിൽക്കാനിരിക്കുന്ന സ്വന്തം പത്രത്തിൽ ജനറൽ സെക്രട്ടറിമാരായി അവതരിപ്പിക്കുന്നിടത്തോളം രൂക്ഷമായിട്ടുണ്ടെങ്കിൽ അത് സ്വന്തം സംഘടനകത്ത് പരിഹരിക്കുകയാണ് വേണ്ടത് - പ്രസ്താവന തുടർന്നു.

ഐ.എസ്.എം. സംസ്ഥാന പ്രസിഡണ്ട് സയ്യിദ് മുഹമ്മദ് ശാക്കിർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സി.പി. സലീം, ശംസുദ്ദീൻ പാലത്ത്, അബ്ദുൽ ഖാദിർ പറവണ്ണ, ടി.കെ. അഷ്റഫ്, നബീൽ രണ്ടത്താണി, അബ്ദറഷീദ് കുട്ടമ്പൂർ, ഹാരിസ് ബ്നു സലീം ചർച്ചയിൽ പങ്കെടുത്തു.